# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4010

31/01/2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## അഗസ്ത്യ വനത്തിലെ ആദിവാസികളുടെ ആരോഗ്യപ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. ആർ. രാജേഷ് :<br>ശ്രീ. കെ. വി. വിജയദാസ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അഗസ്ത്യ വനത്തിലെ ആദിവാസികളുടെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തി ലഭിച്ച സർവ്വെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | (എ) & (ബി) | ഉണ്ട്. അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സാമ്പിൾ സർവ്വെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | | |
| (സി) | അഗസ്ത്യവനത്തിലെ ആദിവാസികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (സി) | ഈ വിഷയം സംബന്ധിച്ച് 24.09.2013 ന് ബഹു. നിയമസഭാ സ്പീക്കറുടെ അദ്ധ്യക്ഷതയിലും 26.09.2013 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേരുകയും സ്വീകരിക്കേണ്ട നടപടികളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സൗജന്യമായി റേഷൻ സാധനങ്ങൾ സെറ്റിൽമെന്റിൽ എത്തിച്ച് വിതരണം ചെയ്തു വരുന്നു. |
| (ഡി) | അഗസ്ത്യവനത്തിലെ ആദിവാസികളോട് ഇന്ന് സ്വീകരിക്കുന്ന സമീപനം തുടർന്നാൽ അട്ടപ്പാടിയിലുള്ളതിനേക്കാൾ വലിയ ദുരന്തമുണ്ടാകുമെന്ന ആദിവാസി സംഘടനകളുടെ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| (ഇ) | അഗസ്ത്യവനത്തിലെ ആദിവാസി കളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരി ക്കാൻ ഏതെല്ലാം മേഖലകളിലുള്ള വരുടെ യോഗങ്ങൾ ചേർന്നിരുന്നു ; ഇതിലെ തീരുമാനങ്ങൾ എന്തെല്ലാ മായിരുന്നു; ഇതെല്ലാം നടപ്പാ ക്കിയോ; വിശദമാക്കാമോ? | (ഇ) | ഈ വിഷയം സംബന്ധിച്ച് 24.09.2013 ന് ബഹു. നിയമസഭാ സ്പീക്കറുടെ അദ്ധ്യക്ഷതയിലും 26.09.2013 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 2013 ഒക്ടോബർ മുതൽ സൗജന്യമായി റേഷൻ സാധനങ്ങൾ സെറ്റിൽമെന്റിൽ എത്തിച്ചു വിതരണം നടത്തുന്നുണ്ട്. മദ്യം, മയക്കമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെ തിരെയുള്ള ബോധവൽകരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെട്ടു പോകുന്നതിനെതിരെ വ്യാപക പ്രചരണവും, ആഭ്യന്തര വകുപ്പ് മുഖേന നിയമ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

R.V.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്